# Sunny Ukken CMI, Preshitharam, Mannuthy

## വിനയ ഭാവത്തിന്റെ വിനീത ദാസൻ



നമ്മുടെ പ്രിയപ്പെട്ട ഫ്രാൻസീസ് വിനീതച്ചൻ വേർപിരിഞ്ഞുപോയിട്ടു ദിവസങ്ങൾ അധികമായില്ലല്ലോ.പലപ്പോഴും മരണശേഷമാണ് ഓരോ വ്യക്തികളെയുംക്കുറിച്ചുള്ള മധുരസ്മരണകൾ നമ്മിലേയ്ക്ക് കടന്നു വരാറുള്ളൂ. ഒരു പാട് അടുത്തു ഇടപഴകാൻ അവസരമുണ്ടായിട്ടില്ലെങ്കിലും അകലെ നിന്ന് തന്നെ ആരാധനാമനോഭാവത്തോടെ വിനീതച്ചനെ നോക്കികാണാനെ എനിക്ക് കഴിഞ്ഞിട്ടുള്ളൂ.

നമ്മുടെ സഭയിൽ ചേർന്നപ്പോൾ ഉണ്ടായിരുന്ന പേരാണ് ഫ്രാൻസീസ് വടക്കേത്തല. പിന്നീട് അതിന്റെ കൂട്ടത്തിൽ കൂട്ടിചേർക്കപ്പെട്ട പേരാണ് "വിനീത്". തികച്ചും അനുയോജ്യമായ പേര്. അച്ചന്റെ ജീവിതംകണ്ടിട്ടു ദൈവം എഴുതി ചേർത്ത പേരാണത്. വിനീതച്ചന്റെ ഹൃദയത്തിന്റെ അഗാധതയിൽ നിന്ന് ഉയർന്ന് വന്ന പേര്.

പുണ്യാത്മാവിന്റെ ആദ്ധ്യാത്മികതയെക്കുറിച്ച് ചുരുക്കി പറഞ്ഞാൽ: ഉയർന്ന ചിന്ത, ലളിത ജീവിതം. അച്ചനായിട്ട് അടുത്ത് പഴകിയിട്ടുള്ളവർ പറയാറുണ്ടല്ലോ യാതൊരു തലക്കനവും (Head Weight) ഇല്ലാത്ത മനുഷ്യൻ, അതേ സമയം മുഖനോട്ടമില്ലാതെ എല്ലാം വെട്ടിതുറന്ന് പറയുന്ന പ്രകൃതം.

ജീവിതത്തിന്റെ സിംഹഭാഗവും ചിലവഴിച്ചിട്ടുള്ളതു ധർമ്മാരാം കോളേജിലാണല്ലോ. പ്രൊവിൻസിന്റെ സീനിയർ ട്യൂട്ടർ (Senior Tutor) എന്ന നിലയ്ക്കു പ്രവിശ്യയിലെ പുതിയ തലമുറയെ പ്രോത്സാഹിപ്പിക്കാനും തിരുത്താനും അച്ചന് കഴിഞ്ഞിട്ടുണ്ട്. അച്ചന്റെ സ്വതസിദ്ധമായ ഭാഷയിൽ പറഞ്ഞാൽ "ഈ ചെയ്ത കാര്യത്തിൽ ചിലതൊക്കെ ഇഷ്ടപ്പെട്ടു. പക്ഷെ മറ്റു ചില കാര്യങ്ങൾ എനിക്ക് ഇഷ്ടമായിട്ടില്ല കേട്ടോ." താൻ ചെയ്യുന്ന കാര്യങ്ങളെക്കുറിച്ച് വ്യക്തമായ ധാരണകൾ ഉണ്ടായിരുന്നു.

സഭയുടെ വളർച്ചയ്ക്കുവേണ്ടിയും ഒരുപാടുകാര്യങ്ങൾ ചെയ്തിട്ടുണ്ട്. ജനറൽ ചാപ്റ്റർകളിലും, പ്രവിശ്യ ചാപ്റ്റർകളിലും ഒരു പ്രവാചക ശബ്ദമായിരുന്നു വിനീതച്ചൻ. പ്രവാചകൻ ദൈവത്തിന്റെ വക്താവാണല്ലോ. തന്റെ പഠനത്തിൽ നിന്നും പ്രാർത്ഥനയിൽനിന്നും ഉരുത്തിരിയുന്ന കാര്യങ്ങൾ പാശ്ചാത്യ, പൗരസ്ത്യ, ഭാരതീയ ദൈവശാസ്ത്രങ്ങളെ സംയോജിപ്പിച്ചുകൊണ്ട് വരാൻ വിനീതച്ചന് കഴിഞ്ഞിട്ടുണ്ട്. പുതിയ നിയമാവലിയിലെ സഭയുടെ സ്വഭാവത്തെകുറിച്ചുള്ള അന്വേഷണത്തിൽ Triple Roots (Oriental, Carmelite, and Indian) കണ്ടെത്താനും അച്ചൻ നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്.

ധർമ്മാരാമിൽ Indian Liturgy യൊക്കെ അനുവദിച്ചിരുന്ന കാലഘട്ടത്തിൽ നിലത്ത് ചമ്രം പടിഞ്ഞിരുന്നു ഹൃദയം ദൈവത്തിങ്കലേയ്ക്ക് ഉയർത്തി കൈകൾ കൂപ്പി അർപ്പിക്കാറുള്ള പൂജകൾ ഇപ്പോഴും മനസ്സിൽ തെളിഞ്ഞ് നില്ക്കുന്നു. ബലിയർപ്പണം





സജീവമാക്കാൻ അച്ചനെഴുതിയ ഭജൻ

“ജോതി ജോതി ജോതി
നിത്യ സനാതന ജോതി”
ഇതിൻെറ അലയടികൾ ഇന്നും മനസ്സിലുണ്ട്.

ഇതോടൊപ്പം Oriental റീത്തിനുവേണ്ടി വാദിക്കാനും അച്ചൻ മുന്നോട്ടു വന്നിട്ടുണ്ട്. സീറോമലബാർ സഭയ്ക്ക് അനുഭവപ്പെട്ടിരുന്ന അവഗണനയെ മുന്നിൽ കണ്ട്കൊണ്ട് രൂക്ഷമായ ഭാഷയിൽ അച്ചനെഴുതിയ പ്രബന്ധമായിരുന്നു Freedom and Reconciliatio ലത്തീൻ ഹയരാർക്കിയിൽനിന്ന് ഒരുപാട് വിമർശനങ്ങൾ ഉയർന്നുവെങ്കിലും രൂപതാ അദ്ധ്യക്ഷന്മാരുടെ കണ്ണ് തുറപ്പിക്കാൻ ഇടവരുത്തി.

ചുരുക്കത്തിൽ ആധുനികഭാഷയിൽ പറഞ്ഞാൽ എല്ലാ രീതിയിലും വലിയൊരു “പുലി”യായിരുന്നു വിനീതച്ചൻ. അച്ചന് വേണ്ടി പ്രാർത്ഥിക്കുന്നതോടൊപ്പം വിനീതച്ചൻെറ മാദ്ധ്യസ്ഥം തേടിയും നമുക്ക് പ്രാർത്ഥിക്കാം.



## Sanu Thettayil, Angamaly

### ഒരിക്കലും മറക്കാനാവില്ല!

അന്ന്, ഒരാഴ്ച കൂടെ താമസിച്ച് ധ്യാനിച്ചത് ഓർത്ത് ഭാര്യയോട് പറഞ്ഞു കൊണ്ടിരിക്കുകയായിരുന്നു: ഒരിക്കലും മറക്കാനാവില്ല അതൊന്നും! പ്രാർത്ഥനകൾ...